## പതിന്നാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5883** 28.03.2018-ൽ മറുപടിക്ക്

## ഗൈനക്കോളജിസ്റ്റ് തസ്തിക

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി.എസ്. ശിവകുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയായ നൃത്താലയത്തിൽ ഗൈനക്കോളജിസ്റ്റ് തസ്തിക നിലവിലുണ്ടോ; പ്രസ്തുത തസ്തികയിൽ നിലവിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു മുതലാണ് ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കുമോ; | (എ) പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ജൂനിയർ കൺസൾട്ടന്റ് മാരെ നിയമിച്ചിരുന്നു. എന്നാൽ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി നടന്ന എം.എം.ആർ റിവ്യൂ മീറ്റിംഗിൽ പ്രസവം നടക്കാത്ത ആശുപത്രികളിൽ നിന്നും ഗൈനക്കോളജിസ്റ്റുകളെ പ്രസവം നടക്കുന്ന ആശുപത്രിയിലേക്ക് മാറ്റി നൽകാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആയുർവേദ ആശുപത്രിയിൽ നിന്നും ജൂനിയർ കൺസൾട്ടന്റ് മാരെ (ഗൈനക്കോളജി) രണ്ടു പേരെ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് പുനർവ്യന്യസിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ആശുപത്രിയിൽ പുതുതായി നിർമ്മിച്ച ഓപ്പറേഷൻ തിയേറ്ററും വാർഡും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്നറിയിക്കാമോ; | (ബി) പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതുതായി നിർമ്മിച്ച ഓപ്പറേഷൻ തിയേറ്ററും വാർഡും പ്രവർത്തനക്ഷമമാണ്. |
| (സി) പ്രസ്തുത ആശുപത്രിയിൽ അടിയന്തിരമായി ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഡോ. ജയശ്രീ -യെ തിരുവനന്തപുരം പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ